പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1579 — 5.12.2014-ൽ മറുപടിക്ക്

## കുടിവെള്ളം മാലിന്യവിമുക്തമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി എം ഉമ്മർ മാസ്റ്റർ | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് വീടുകളോടനുബന്ധിച്ചുള്ള കിണറുകൾ മിക്കവയും കക്കൂസുകളിൽ നിന്നുള്ള മാലിന്യങ്ങൾ മൂലം മലിനപ്പെടുന്നതായി പല പഠനങ്ങളും കാണിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇത് പരിഹരിക്കാനായി എന്ത് നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കുമോ ; | (ബി) പരാതികൾ ലഭിക്കുന്ന അവസരങ്ങളിൽ ആയത് അന്വേഷിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനായി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിനും, ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നല്കുകയും പരാതികൾ പരിഹരിക്കുകയും ചെയ്തു വരുന്നു. |
| സി) പത്ര മാധ്യമങ്ങളിൽ പരസ്യം ചെയ്ത് നഗരപ്രദേശങ്ങളിൽ സെപ്ടിക് ടാങ്കുകളിൽ നിന്നുള്ള മാലിന്യം ടാങ്കർ ലോറികളിൽ ശേഖരിച്ച് ചില അനധികൃത ഏജൻസികൾ ജലാശയങ്ങളിലും മറ്റും തള്ളുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;<br><br>ഡി) എങ്കിൽ ഈ നിയമവിരുദ്ധ പ്രവർത്തനം തടയുന്നതിനായി എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | സി) & ഡി) ഉണ്ട്. ഇത്തരത്തിലുള്ള അനധികൃത ടാങ്കറുകൾക്ക് സെപ്റ്റേജ് നൽകാതിരിക്കുന്നതിനായും ഈ വിഷയത്തിൽ പൊതുജന ശ്രദ്ധ ക്ഷണിക്കുന്നതിനായും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മാധ്യമങ്ങളിൽ സംസ്ഥാന വ്യാപകമായി പത്രപരസ്യം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ അനധികൃത ടാങ്കർ ലോറികൾ ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 340 (എ) (ബി) വകുപ്പുകൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമപരമായി നടപടി സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ